©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മേയ് 11<br>11th May 2021<br>1196 മേടം 28<br>28th Medam 1196<br>1943 വൈശാഖം 21<br>21st Vaisakha 1943 | നമ്പർ<br>No. | 19 |

## PART III

# Commissionerate of Land Revenue

# KOLLAM DISTRICT

ലേല പരസ്യം

No. DCKLM/3424/2020-L3. 2021 ഏപ്രിൽ 19.

പുനലൂർ താലൂക്കിൽ ഇടമൺ വില്ലേജിൽ സർവ്വെ നമ്പർ 70/1ബി/1-ൽപ്പെട്ട സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നിൽക്കുന്ന ഒരു മരുത് മരം, ചുവട്ടിൽ നിന്നും രണ്ടായി പിരിഞ്ഞു നിൽക്കുന്ന ഒരു ഗുൽമോഹർ മരം എന്നിവ 27-5-2021-ാം തീയതി 11 മണിക്ക് ഇടമൺ വില്ലേജാഫീസ് പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ടി മരങ്ങൾക്ക് വനം വകുപ്പ് ₹ 42,787.39 വില നിശ്ചയിച്ച് (മരുത്-₹ 40,780.58, ഗുൽമോഹർ-₹ 703.96, ഗുൽമോഹർ-₹ 1,302.85) നൽകിയിട്ടുള്ളതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിശ്ചിത സമയത്തും സ്ഥലത്തും ഹാജരായി മതിയായ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുകയും നിരതദ്രവ്യം കഴിച്ചുള്ള തുകയും നിയമാനുസൃത മറ്റ് നികുതികളും അപ്പോൾതന്നെ ഒടുക്കേണ്ടതും ലേലം സ്ഥിരീകരിച്ചുകൊണ്ട് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ ലേല സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണവശാൽ മേൽനിശ്ചയിച്ച തീയതിയിൽ ലേലം വിജയകരമായി നടത്തുവാൻ സാധിച്ചില്ലെങ്കിൽ അനുയോജ്യമായ മറ്റൊരു ദിവസം നിശ്ചയിക്കുന്നതും ടി തീയതിയിൽ പുനർലേലം നടത്തുന്നതുമാണ്. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനും കൊല്ലം ജില്ലാ കളക്ടർക്കാണ് പൂർണ്ണ അധികാരം. സാധാരണ സർക്കാർ ലേലങ്ങളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

| ക്രമ നമ്പർ | ഇനം | ചുറ്റുവണ്ണം (സെ.മീ.) | തടിയുടെ അളവ് | നിരക്ക് (ക്യൂ.മീ.) | വില ₹ | വിറകിന്റെ അളവ് (മെ. ടൺ) | നിരക്ക് (മെ. ടൺ) | തുക ₹ | ആകെ ₹ |
|---|---|---|---|---|---|---|---|---|---|
| 1 | ഗുൽമോഹർ | 115 | 0.552 | 1650 | 910.80 | 0.443/2 | 1770 | 392.05 | 1,302.85 |
| 2 | ,, | 90 | 0.218 | 1650 | 359.70 | 0.389/2 | 1770 | 344.26 | 703.96 |
| 3 | മരുത് | 242 | 2.875 | 13093 | 37,642 | 3.546/2 | 1770 | 3138.21 | 40,780.58 |
| | | | | | | ആകെ | | | 42,787.39 |

കളക്ടറേറ്റ്,
കൊല്ലം.

(ഒപ്പ്)
ജില്ലാ കളക്ടർ.

## Kollam Taluk

പരസ്യം

(1)

നമ്പർ ബി3-2130/2021. 2021 ഫെബ്രുവരി 6.

കൊല്ലം താലൂക്കിൽ പെരിനാട് വില്ലേജിൽ വെള്ളിമൺ പി. ഒ., ചെറുമൂട് സൂര്യ വിഹാർ വീട്ടിൽ സുശീലൻ, സി. 20-10-2020-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ടി വീട്ടിൽ അശ്വതി, കെ. ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ പെരിനാട് വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | അശ്വതി | ഭാര്യ | 60 |
| 2 | സൂര്യ സുശീലൻ | മകൾ | 37 |
| 3 | സൗമ്യ സുശീലൻ | ,, | 35 |

(പരേതന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല.)

പരേതന്റെ അവകാശികൾ മേൽക്കാണിച്ച കക്ഷികളാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കുശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ ബി3-2154/2021. 2021 ഫെബ്രുവരി 6.

കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ പുന്തലത്താഴം ടാഗോർ നഗർ 99, ദേവി ഭവൻ വീട്ടിൽ ബി. ശിവപ്രസാദൻപിള്ള 8-1-2016-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ടി വീട്ടിൽ ഉഷാകുമാരി, എൻ. കെ. ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ വടക്കേവിള വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.